# ആകാശത്തിലെ മനുഷ്യാലയം



നാസ'യുടെ ഒരു സ്പേസ് സ്റ്റേഷന്റെ ചിത്രം

ഒരു ദശകത്തിനകം ചന്ദ്രനിൽ ആളെയിറക്കുമെന്ന് പ്രസിഡണ്ട് കെന്നഡി നാസാ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രവചിച്ചപ്പോഴും പലർക്കും അതൊരു സ്വപ്നമായി അന്നു തോന്നിയിരുന്നു. അതുപോലൊരു പ്രവചനമാണ് പ്രസിഡണ്ട് റെയ്ഗൻ ഈയിടെ നടത്തിയ സ്റ്റേററ് ഓഫ് ദി യൂണിയൻ മെസേജിലുള്ളത്. 1991—ആകുമ്പോഴേക്കും ശൂന്യാകാശത്തിൽ അമേരിക്കയുടെ വകയായി ഒരു സ്ഥിരം പരീക്ഷണശാല പ്രവർത്തിച്ചു തുടങ്ങും. ആറോളം പേർക്ക് ആഴ്ചകളോളം താമസ സൗകര്യം നൽകാവുന്ന ഈ സ്പേസ് സ്റ്റേഷൻ നിർമ്മിക്കുവാൻ 800 കോടി ഡോളർ ചെലവു വരുമെന്ന് തൽക്കാലം കണക്കാക്കുന്നു. സ്പേസ് ഷട്ടിൽ പ്രോഗ്രാമിലെന്നപോലെ നിർമ്മാണച്ചെലവ് ഇരട്ടിക്കുവാൻ സാദ്ധ്യതയുണ്ട്.

പല സ്പേസ് ഷട്ടിലുകളിലായിട്ടായിരിക്കും സ്പേസ് സ്റ്റേഷന്റെ ഭാഗങ്ങൾ ശൂന്യാകാശത്തിലെത്തിക്കുക. മുന്നൂറോളം മൈലുകൾ പൊക്കത്തിലായിരിക്കും സ്പേസ് സ്റ്റേഷൻ ഭൂമിയെ ചുററുക. മനുഷ്യവാസമുള്ള പ്രധാന യൂനിററിനെ ആളില്ലാത്ത കുറേ കൃത്രിമ ഉപഗ്രഹങ്ങൾ കോൺവോയി ആയി പിൻതുടരത്തക്കവണ്ണമാണ് സ്പേസ് സ്റ്റേഷൻ തൽക്കാലം ശാസ്ത്രജ്ഞന്മാർ ഭാവനയിൽ കാണുന്നത്.

**അടുത്ത ദശാബ്ദത്തിൽ ബാഹ്യാകാശത്തിൽ അമേരിക്കയുടെ ഒരു സ്ഥിരം പരീക്ഷണശാല ഭൂമിയെ വലംവെച്ചുകൊണ്ടിരിക്കും.**

**മധുനായർ ന്യുയോർക്ക്**

ഗുരുത്വാകർഷണത്തിന്റെ അഭാവത്തിൽ പല കൂട്ട ലോഹങ്ങളും നിർമ്മിക്കുവാൻ ഈ പരീക്ഷണശാല ഉപകരിക്കും. ശൂന്യാകാശ നിരീക്ഷണത്തിനും പല മരുന്നുകളുടെ നിർമ്മാണത്തിനും ഈ പറക്കുംതളിക ഉപയോഗപ്പെട്ടേക്കും. അമേരിക്കയുടെ പ്രതിരോധവും ഇതോടെ പൂർവ്വാധികം ശക്തിയിലെത്തുമെന്നും പ്രസിഡണ്ട് റെയ്ഗൻ കരുതുന്നു.

എന്നാൽ ഈ പദ്ധതിക്ക് തൽക്കാലം ശത്രുക്കളാണ് അധികവും. പെൻറഗൺ ഇതൊരു കളിക്കോപ്പായി കരുതുന്നു. നാഷണൽ സയൻസ് ഫൗണ്ടേഷന്റെ ഒരു വിദഗ്ദ്ധ കമ്മിററി സ്പേസ് സ്റ്റേഷനെ തള്ളിപ്പറഞ്ഞിരിക്കുന്നു. ഭൂമിക്കുചുററും റേഡിയേഷൻ ബെൽററുണ്ടെന്നു കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ ജെയിംസ് വാൻ അലൻ ശൂന്യാകാശത്തിൽ ആളയച്ചു നടത്തുന്ന പരീക്ഷണങ്ങളിൽ വലിയ അർത്ഥം കാണുന്നില്ല. ധനകാര്യമന്ത്രി കാര്യാലയമായ ഓഫീസ് ഓഫ് മാനേജ്മെൻറ് ആൻറ് ബഡ്ജററ് സ്പേസ് സ്റ്റേഷനെ വെള്ളയാനയായി വിശേഷിപ്പിക്കുന്നു.

എന്നാലെന്ത്? പരിപാടി മുന്നോട്ടുതന്നെ പോകും. കാരണം ഈ പ്രോജക്ട് പ്രസിഡണ്ട് റെയ്ഗന്റെ സ്വപ്നമായി തീർന്നിരിക്കുന്നു. സ്വകാര്യ വ്യവസായത്തെ സ്പേസ് സ്റ്റേഷനിലൂടെ മുകളിലേയ്ക്കുയർത്താമെന്ന് റെയ്ഗൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇത് പ്രായോഗികമല്ലായെന്നുപദേശിക്കുന്നവരോട് റെയ്ഗൻ പറയുന്നു ''നമ്മുടെ ധൈര്യത്തിനും ഭാവനയ്ക്കും പരിധികൾ ഉണ്ടാകാതിരിക്കട്ടെ''.

എവറസ്റ്റ് കയറിയിട്ടെന്തു നേടി? ചന്ദ്രനിൽ ആളെയിറക്കിയിട്ടെന്തു നേടി? മനുഷ്യന്റെ പല ഭാവനകളും യാഥാർത്ഥ്യമാക്കിയ അമേരിക്കയ്ക്ക് സ്പേസ് സ്റ്റേഷനുണ്ടാക്കുവാൻ കുറേ ഡോളർ ചെലവായാൽ വലിയ ചേതമാകുമോ?